# ഈദാഘോഷങ്ങൾ

**പശ്ചിമ** ചക്രവാളത്തിൽ ശവ്വാലമ്പിളി പിറക്കുന്നതോടെ വിശുദ്ധ റമദാനിന് തിരശ്ശീല വീഴുകയായി. ദൈവപ്രീതിയും പരലോക മോക്ഷവും കാംക്ഷിച്ച്, ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങൾപോലും നിയന്ത്രിച്ച് ത്യാഗസുരഭിലവും ഭക്തിനിർഭരവുമായ ഒരു മാസക്കാലം പിന്നിട്ട വിശ്വാസികൾക്ക് ആ വിജയത്തിൽ ആഹ്ലാദിക്കാനും വിനോദിക്കാനുമുള്ള നാളാണ് ഈദുൽ ഫിത്വ്ർ. മുസ്‌ലിംകൾ അത് മത്സരിച്ചാഘോഷിക്കാറുമുണ്ട്. അതിനിടയിൽ ഈദുൽ ഫിത്വ്ർ ആഘോഷിക്കാനുള്ള അർഹത തങ്ങൾ നേടിയോ എന്ന് അധികമാരും ആലോചിക്കാറില്ല. റമദാൻ മാസവും മറ്റുമാസങ്ങളെപോലെ തിന്നുകുടിച്ചു മദിച്ചു പിന്നിട്ടവർക്ക് യഥാർഥ ഈദാഘോഷമില്ല; അവരും വിഭവസമൃദ്ധമായ സദ്യയൊരുക്കി വിശിഷ്ടഭോജ്യങ്ങൾ മൃഷ്ടാന്നം ഭുജിക്കാറുണ്ടെങ്കിലും. വ്രതമനുഷ്ഠിക്കുകയും രാപ്പകൽ ഇബാദത്തിലേർപ്പെടുകയും ചെയ്തവർക്ക് അവരുടെ സുദീർഘവും പാവനവുമായ തപസ്യ വിജയകരമായി പരിസമാപിക്കുന്നതിന്റെ ആഘോഷമാണ് ഈദുൽ ഫിത്വ്ർ.

ഉല്ലസിക്കാനും വിനോദിക്കാനുമുള്ള മനുഷ്യന്റെ നൈസർഗിക വാസനയെ സൃഷ്ടിപരമായ രീതിയിൽ തൃപ്തിപ്പെടുത്തുകയാണ് ഈദാഘോഷങ്ങൾ നിർദേശിക്കുന്നതിലൂടെ ഇസ്‌ലാം ചെയ്യുന്നത്. മറ്റെല്ലാ കാര്യങ്ങളെയുമെന്നപോലെ ആഘോഷങ്ങളെയും ഇസ്‌ലാം സ്വന്തം ആദർശത്തിന്റെ ചൈതന്യവും ധാർമിക-നൈതിക മൂല്യങ്ങളുടെ വർണവുമണിയിച്ചിരിക്കുന്നു. ആ ചൈതന്യത്തെയും വർണത്തെയും നിരാകരിച്ചുകൊണ്ടുള്ള ആഘോഷം ഇസ്‌ലാം അനുശാസിച്ച ആഘോഷമാവുകയില്ല. അധാർമികതകൾക്കും അനാശാസ്യങ്ങൾക്കും സ്വൈരവിഹാരമനുവദിക്കാനല്ല ഈദ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. പ്രത്യുത ഇസ്‌ലാമികാദർശങ്ങൾ പ്രകാശിതമാകാനും ധാർമിക-സദാചാര മൂല്യങ്ങൾ പുഷ്കലമാകാനുമാണ്. ചൂതാടിയും മദ്യപിച്ചും പെരുന്നാൾ പൊടിപൊടിക്കുന്നവർ ഈദുൽ ഫിത്വ്റിനെയോ ഈദുൽ അദ്ഹായെയോ കൊണ്ടാടുകയല്ല; ആ രണ്ട് സുദിനങ്ങളെയും നിന്ദിക്കുകയാണ്.

ഈദുകൾക്ക് ഇസ്‌ലാം നൽകുന്ന ആദർശപരിവേഷവും ധാർമിക വർണവും എത്ര പരിശുദ്ധം, മനോഹരം!! പെരുന്നാൾ പിറന്നാൽ വിശ്വാസികൾ ആ സന്തോഷം പ്രകടിപ്പിക്കുന്നത് കൊട്ടും കുരവയും ആർപ്പുവിളിയും കൊണ്ടല്ല; വിശുദ്ധമായ തക്ബീർ ധ്വനികൾ കൊണ്ടാണ്. ഈദുൽ ഫിത്വ്ർ സ്ഥിരപ്പെട്ടാൽ വിശ്വാസിക്ക് നിർബന്ധ ബാധ്യതയായിത്തീരുന്നത് ഒരേയൊരു കാര്യമേയുള്ളൂ; ഫിത്വ്ർ സകാത്ത്. മറ്റെല്ലാം ഐച്ഛികങ്ങളാണ്. ഉള്ളവന്റെ മിച്ചംകൊണ്ട് ഇല്ലാത്തവന്റെ ഇല്ലായ്മ നികത്തുക. അങ്ങനെ കുബേരനെപ്പോലെ കുചേലന്നും ഈദാഘോഷിക്കാൻ അവസരമൊരുക്കിക്കൊടുക്കുക. അന്ന് ആരും വിശന്നുകൂടാ. ഒരു പാവപ്പെട്ടവനും അന്നത്തിനുവേണ്ടി അന്യന്റെ നേരെ കൈനീട്ടാനിടയാകരുത്. ഫിത്വ്ർ സകാത്ത് സംഘടിതമായി ശേഖരിച്ച് അർഹരായവരുടെ വീട്ടിലെത്തിച്ചുകൊടുക്കുകയാണ് അതിന്റെ വിശിഷ്ടവും പൂർണവുമായ രീതി.

രണ്ടാമത്തെ ആഘോഷച്ചടങ്ങ് തദ്ദേശത്തെ ആബാലവൃദ്ധം ജനങ്ങൾ ഒരു പൊതുമൈതാനത്ത് ഒത്തുകൂടി ആശംസകൾ കൈമാറുകയും പ്രാർഥിക്കുകയും നേതാവിന്റെ പെരുന്നാൾ പ്രഭാഷണം ശ്രവിക്കുകയുമാണ്. ബന്ധുമിത്രാദികളും സുഹൃദ് ജനങ്ങളും പരസ്പരം സന്ദർശിച്ച് സ്നേഹബന്ധം പുതുക്കലും ഈദാഘോഷത്തിന്റെ ഭാഗമായി നിർദേശിക്കപ്പെട്ടിരിക്കുന്നു. നല്ല ഭക്ഷണവും പുതുവസ്ത്രങ്ങളും തീർച്ചയായും ഈദാഘോഷത്തിന് പൊലിമ പകരുന്നു. അതുപോലെത്തന്നെ പ്രധാനമാണ് കലാ-കായിക വിനോദങ്ങളും മറ്റു സാംസ്കാരിക പരിപാടികളും. അതെല്ലാം ചേരുമ്പോഴേ ഈദാഘോഷങ്ങൾ യഥാർഥ ആഘോഷമാകൂ.

ഫിത്വ്ർ സകാത്ത് വിതരണത്തിനും ഈദ്ഗാഹുകൾക്കുമപ്പുറം ഈദ്‌വേളകളിൽ മതസംഘടനകൾക്കും നേതൃത്വങ്ങൾക്കും ഒന്നും പരിഗണിക്കാനില്ല എന്ന നിലപാടാണ് പൊതുവിൽ അനുവർത്തിക്കപ്പെട്ടുവരുന്നത്. ആഘോഷത്തിന്റെ കലാ-കായിക വിനോദാംശങ്ങൾ തികച്ചും അവഗണിക്കപ്പെട്ടിരിക്കുന്നു. ഈ അവഗണന ഈദാഘോഷങ്ങളെ വല്ലാതെ വികൃതമാക്കുന്നുവെന്ന യാഥാർഥ്യത്തിനുനേരെ ഉത്തരവാദപ്പെട്ടവർ ഇനിയെങ്കിലും കണ്ണുതുറക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാം മാറിനിൽക്കുന്ന ഇടങ്ങൾ ജാഹിലിയ്യത്ത് കൈയടക്കുക സ്വാഭാവികമാണ്. ഈദിന്റെ കലാ-കായിക വിനോദഭാഗങ്ങളിൽ അതാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈദുകൾ മദ്യത്തിലും ചൂതാട്ടത്തിലും മറ്റാഭാസപരിപാടികളിലും മുങ്ങിപ്പോകുന്നതിൽ വിലപിച്ചതുകൊണ്ടുമാത്രം ഇതിനു പരിഹാരമുണ്ടാവില്ല. ഇസ്‌ലാമിക തത്ത്വങ്ങൾക്കും മൂല്യങ്ങൾക്കും അനുഗുണമായ കലകളും വിനോദങ്ങളും ആവിഷ്കരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയുമാണ് വേണ്ടത്. ഇന്ന് മിക്ക മതസംഘടനകൾക്കും വിദ്യാർഥി-യുവജന വിഭാഗങ്ങളുണ്ട്. ആഘോഷങ്ങളെ ഇസ്‌ലാമികവൽക്കരിക്കുന്നതിൽ മുതിർന്നവരെ അപേക്ഷിച്ച് കൂടുതൽ ക്രിയാത്മകമായ സംഭാവനകളർപ്പിക്കാൻ കഴിയുക അവർക്കാണ്. കേരളത്തിലെ മുസ്‌ലിം വിദ്യാർഥി-യുവജന സംഘടനകൾ ഈ വിഷയം ഗൗരവപൂർവം പരിഗണിക്കുമെന്ന് പ്രത്യാശിക്കുന്നു. ●